# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: /പി-4/648/2022 കെ.എസ്.എ/ഡബ്ല്യ.വൈ.ഡി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 29/07/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: /പി-4/648/2022 കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി തീയ്യതി: 29/07/2022

## വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2020 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഗസ്റ്റ്യൻ.ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 18-07-2022 | 29-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-07-2022 | 29-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷാജു തോമസ് ഓഡിറ്റ് ഓഫീസർ
ശ്രീ.സമീർ.എം അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനിൽ ജോസ് ഡൊമിനിക് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ലീലാമ്മ ജോസഫ് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| രനീഷ്.പി.പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീജിത്ത് കരിങ്ങാലി | സെക്രട്ടറി | 01-04-2020 | 06-03-2022 |

| | | | |
|---|---|---|---|
| ജയസുദ.കെ.എ | സെക്രട്ടറി | 07-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജിത്ത് കരിങ്ങാലി | സെക്രട്ടറി | 01-04-2020 | 06-03-2021 |
| ഡോ.ഷുഹൈബ് | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ജെറാൾഡ് ജയകുമാർ | മെഡിക്കൽ ഓഫീസർ.(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സൂധീഷ്.പി.എൻ | മെഡിക്കൽ ഓഫീസർ.ആയുർവേദം | 01-04-2020 | 31-10-2020 |
| ഡോ.മഞ്ജുഷ | മെഡിക്കൽ ഓഫീസർ.ആയുർവേദം | 01-11-2020 | 31-03-2021 |
| ഡോ.ചിത്ര ചന്ദ്രശേഖരൻ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 11-09-2020 |
| ഡോ.നീതു ദിവാകർ | വെറ്ററിനറി സർജ്ജൻ | 12-09-2020 | 31-03-2021 |
| ഉദയ.ഒ.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| പ്രവീൺ.പി.എൽ | അസി.എഞ്ചിനീയർ | 01-04-2020 | 07-04-2020 |
| അനിതു ദേവ് | അസി.എഞ്ചിനീയർ | 08-04-2020 | 06-10-2020 |
| ബാബു.സി.കെ | അസി.എഞ്ചിനീയർ | 07-10-2020 | 19-01-2021 |
| റോഷ്നി | അസി.എഞ്ചിനീയർ | 20-01-2021 | 31-03-2021 |
| ശോഭന | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| അച്യുതൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-07-2020 |
| സുനിൽ കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-08-2020 | 31-10-2020 |
| പ്രിൻസ് മോൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-11-2020 | 28-02-2021 |
| ജസ്റ്റിൻ സെബാസ്റ്റ്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-03-2021 | 31-03-2021 |
| ഷെറിൻ മാത്യൂസ് | കൃഷി ഓഫീസർ | 01-04-2020 | 31-12-2020 |
| ശ്രീകാന്ത്.കെ.ടി | കൃഷി ഓഫീസർ | 01-01-2021 | 31-03-2021 |
| വിനിഷ | ട്രൈബൽ എക്സ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| മനോജ്.വി.എ | സെക്രട്ടറി ഇൻ ചാർജ്ജ് | 07-03-2021 | 09-03-2021 |
| ജയസുദ.കെ.എ | സെക്രട്ടറി | 10-03-2021 | 31-03-2021 |
| ആഷിക് ബാബു.സി | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| മനോജ്.വി.എ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 28-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 28-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: M.Sameer (Asst. Audit Officer, On 27-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 28-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: M.Sameer (Asst. Audit Officer, On 27-07-2022) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 29-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 29-07-2022) | 1-11 |
| 12 | ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ മുഖേനയുള്ള പരിശോധന<br>Written By: M.Sameer (Asst. Audit Officer, On 29-07-2022)<br>Last Updated By: M.Sameer (Asst. Audit Officer, On 29-07-2022) | 1-11-1 |
| 13 | റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസ് ,തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല<br>Written By: Anil Jose Dominic (Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-12 |
| 14 | ഗ്രാമപഞ്ചായത്തിലെ വരവിനങ്ങളിലെ വിവിധ രജിസ്റ്ററുകൾ കൃത്യതയോടെ തയ്യാറാക്കി ഹാജരാക്കിയിട്ടില്ല.<br>Written By: Anil Jose Dominic (Auditor, On 29-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-13 |
| 15 | കൃഷി ഓഫീസർ മാന്വൽ രസീത് ബുക്കുകൾ ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം പിരിച്ചതിലെ അപാകതകൾ<br>Written By: Anil Jose Dominic (Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-14 |
| 16 | ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ | 1-15 |

| | | |
|---|---|---|
| | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anil Jose Dominic (Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | |
| 17 | വനിതകൾക്ക് മുട്ടക്കോഴി വിതരണം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - 2,00,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-16 |
| 18 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - 14,28,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-17 |
| 19 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി- ചെലവു രേഖകൾ ഹാജരാക്കിയില്ല- 15277 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-18 |
| 20 | എസ്സ്.റ്റി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യൽ പ്രൊജക്ടിൽ അപാകതകൾ-1,99,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anil Jose Dominic (Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-19 |
| 21 | എസ്സ്.റ്റി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം-പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ 2,99,700 രൂപ്പടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anil Jose Dominic (Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-20 |
| 22 | സമഗ്ര പുരയിട കൃഷി വികസനം -ടെൻഡർ രേഖകളും ഗുണഭോക്തൃ ലിസ്റ്റും ഹാജരാക്കിയിട്ടില്ല 8,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anil Jose Dominic (Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-21 |
| 23 | ഫലവൃഷത്തൈ വിതരണം ഗുണഭോക്തൃ ലിസ്ററും വിതരണ സ്റ്റേറ്റ്മെന്റും ഹാജരാക്കിയില്ല.82,135 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anil Jose Dominic (Auditor, On 29-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-22 |
| 24 | മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല- സർക്കാരിന് ധനനഷ്ടം സംഭവിക്കുന്നു.<br>Written By: Anil Jose Dominic (Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-23 |
| 25 | പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ശയ്യോപകരണങ്ങൾ നൽകൽ - 1,92,660 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-24 |
| 26 | വിവിധ സ്ഥാപനങ്ങൾക്ക് വാട്ടർ പ്യൂരിഫയർ നൽകിയത് -സ്ഥാപിച്ചിട്ടില്ല. 299450 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: M.Sameer (Asst. Audit Officer, On 29-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-25 |
| 27 | പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല 11,25,340 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Shaju Thomas (Audit Officer, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-26 |
| 28 | എഗ്രിമെൻറ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല 7,56,211രൂപയുടെ | 1-27 |

| | | |
|---|---|---|
| | ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Shaju Thomas (Audit Officer, On 28-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 29-07-2022) | |
| 29 | മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം-കുറഞ്ഞ പിഴ ഈടാക്കി ,16,60,607 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Shaju Thomas (Audit Officer, On 28-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-28 |
| 30 | അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം<br>Written By: Shaju Thomas (Audit Officer, On 28-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: M.Sameer (Asst. Audit Officer, On 27-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: M.Sameer (Asst. Audit Officer, On 27-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: M.Sameer (Asst. Audit Officer, On 27-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: M.Sameer (Asst. Audit Officer, On 27-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: M.Sameer (Asst. Audit Officer, On 27-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 28-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: M.Sameer (Asst. Audit Officer, On 27-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 29-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.Sameer (Asst. Audit Officer, On 27-07-2022)<br>Last Updated By: Shaju Thomas (Audit Officer, On 29-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

31/03/2020തീയതിയിലെ 1/1(1)/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 19/02/2021തീയതിയിലെ1/1(1)/2021 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 17/09/2021 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,31,51,234 |
| വരവ് | 7,11,34,960 |
| ആകെ | 8,42,86,194 |
| ചെലവ് | 6,18,08,514 |
| നീക്കിയിരിപ്പ് | 2,24,77,680 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 11047168 | 11047168 | 11047168 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1472333 | 1472333 | 679758 | 792575 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 15101412 | 15101412 | 13010254 | 2091158 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 16615000 | 16615000 | 16615000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3456681 | 3456681 | 2789645 | 667216 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക് ഗ്രാന്റ് (ACR പ്രകാരം) | | 8915354 | 8915354 | 5499352 | 3416002 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ACR പ്രകാരം) | | 4770000 | 4770000 | 532952 | 4237048 |

| | | | | | |
|---|---|---|---|---|---|
| ട്രഡീഷണൽ ഫംഗ്ഷൻസ് ഫണ്ട് | | 8169401 | 8169401 | 35669 | 8133732 |

മേൽ പ്രകാരമുള്ള ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ളതാണ്. വാർഷിക കണക്കിലെ ചെലവുകളുമായി വ്യത്യാസമുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 247 | 123521314 | 183 | 61744833 | 29 | 64 | 74.09 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5,51,475 | 19,38,706 | 24,90,181 | 23,77,380 | 11,2,801 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 4,08,78,124 | 4,08,78,124 | 4,08,78,124 | |
| സാധന ഘടകം | | 98,56,400 | 98,56,400 | 98,56,400 | |

മേൽ തുക മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭരണചെലവുകൾ, രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് , ക്യാഷ് ബുക്ക് എന്നിവ താരതമ്യം ചെയ്യുമ്പോൾ 30,326 രൂപയുടെ വ്യത്യാസം കാണുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 279 | 40,09,400 |
| വിധവാപെൻഷൻ | 778 | 1,11,57,900 |
| വാർദ്ധക്യകാലപെൻഷൻ | 1555 | 1,68,18,300 |
| വികലാംഗപെൻഷൻ | 224 | 31,23,200 |
| അവിവാഹിത പെൻഷൻ | 10 | 1,12,100 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-07-22 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,239 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു. വിശദ വിവരം താഴെ കൊടുക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിച്ചിട്ടില്ല.

2.കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 162എ(എ)(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ നികുതി വരവുകൾ കണ്ടെത്തുന്നതിനോ, ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ, നികുതിയിനത്തിൽ ലഭിക്കാനുള്ള തുകകൾ

പിരിച്ചെടുക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ച് കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നില്ല. 2020-21-ൽ, ആകെ ആറു തവണ അതിനാൽ, ജീവനക്കാരുടെ പ്രതിമാസ പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

4. 2020-21 വർഷത്തെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. F.D രജിസ്റ്റർ, ഇൻവസ്റ്റ്മെന്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഇലക്ട്രോണിക് ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ഒ.ഡി രജിസ്റ്റർ, പി.ആർ രജിസ്റ്ററുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക്,സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പരിശോധന നടത്തുന്നതിന് അനുയോജ്യമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.

5. രശീതി കളക്ഷൻ രജിസ്റ്ററുകൾ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഫ്രണ്ട് ഓഫീസ് ഡയറി ലഭ്യമാക്കിയിട്ടില്ല.

7. വാർഷികകണക്ക് പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ ഇതുവരെയും പരിഹരിച്ചിട്ടില്ല.

8. പബ്ലിക് വർക്കുകൾ കൃത്യ സമയത്ത് കരാറുകാർ പൂർത്തിയാക്കുന്നില്ല.

9. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുന്നില്ല.

10. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/06/2022 മുതൽ 20/06/2022 വരെ | 2021 ഏപ്രിൽ മുതൽ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/06/2013 മുതൽ 29/06/2013 വരെ | 2008-0- മുതൽ 2012-13 വരെ | 22/08/2013 |

## 1-11 വാർഷിക കണക്കുകളിലെ അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

2019-20 വർഷത്തെ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 1,749,896

2020 -21 വർഷം വരവ് (ആർ.പി 30 പ്രകാരം) 320100121 -2578309

ആകെ - 4328205

ചെലവ് (ആർ.പി 30 പ്രകാരം) - 0

നീക്കിയിരുപ്പ് വേണ്ടത് - 4328205

ബി.4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 1760373

4. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

5. വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 8,133,679 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

6. (A)തൊഴിൽ നികുതി വരവ് രജിസ്റ്ററുകൾ തയ്യാക്കിയിട്ടില്ല.

(B) വ്യവസായങ്ങൾക്കും വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(C) കെട്ടിട നിർമ്മാണം(ക്രമവത്കരണം) രജിസ്റ്റർ - സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B5 Secured Loans – ബാധ്യത തിട്ടപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ കൃത്യത ഉറപ്പ് വരുത്തി സൂക്ഷിച്ചിട്ടില്ല.

8.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിശദമായ പരിശോധന സാധ്യമായിട്ടില്ല.

9.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

10.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

11. വാർഷിക കണക്ക് രസീപ്റ്റ് & പേമെന്റ് അക്കൗണ്ടിൽ തൻവർഷം Secured Loan അക്കൗണ്ടിലെ വരവ് തുകയും മുൻവർഷത്തെ ബാലൻസ് എന്നിവ കൂട്ടിയാൽ തൻവർത്തെ ബാധ്യത തുകയുമായി പൊരുത്തപ്പെടുന്നില്ല

12. സെക്യേർഡ് ലോൺ . സോഴ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക അക്കൗണ്ട് ചെയ്യുന്നതായി കാണുന്നില്ല.

13.ഡെപ്പോസിറ്റ് രജിസ്റ്റർ തൻവർഷം കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

14. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയ രേഖകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

15. ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

16.ബാലൻസ്ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത ഫണ്ടുകളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

17.PDE (Past Data Entry) വിവരങ്ങൾ അടങ്ങിയ ഫയലുകൾ സൂക്ഷിച്ചിട്ടല്ല. ആയതിനാൽ ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

18.ബാങ്ക് അക്കൗണ്ട് നം. 718011400000016 (ജില്ലാ ട്രഷറി വയനാട്), അക്കൗണ്ട് നം.21 എന്നിവയിലെ നീക്കിയിരിപ്പ് ബാങ്ക് ബുക്ക്, ബാങ്ക് പാസ്ബുക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അക്കൗണ്ട് നം.0997053000000752 എന്ന അക്കൗണ്ട് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്(ILGMS) ഉണ്ടെങ്കിലും അങ്ങനെ ഒരു അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

19. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പരിശോധിച്ചപ്പോൾ ബി5,ബി-9,ബി11(a), ഉടങ്ങിയവയിലെ വിവിധ ഹെഡ്ഡിലെ തുകകൾ നെഗറ്റീവ് (-Ve) ബാലൻസ് കാണിക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിശദ വിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 16 തീയതി 25/07/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11-1 ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ മുഖേനയുള്ള പരിശോധന

തദ്ദേശ സ്ഥാപന സ്ഥാപനങ്ങളുടെ വിവിധ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഒരു സോഫ്റ്റ് വെയറിന് കീഴിൽ എല്ലാ സേവനങ്ങളും എത്തിക്കുന്നതിന് വേണ്ടിയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ, സങ്കേതം, സൂചിക, സേവന, സചിത്ര, സകർമ്മ, സുലേഖ, സ്ഥാപന ഉടങ്ങി 17 സോഫ്റ്റ് വെയറുകൾ ഒരു പ്ലാറ്റ് ഫോമിലേക്ക് എന്നതാണ്

ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്. എന്നാൽ നിലവിൽ നടപ്പാക്കിയിരിക്കുന്നത് സൂചിക(എൽ.ബി) സേവന സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് മൊഡ്യൂൾ എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ തന്നെ പൂർണ്ണമായും പ്രവർത്തന ക്ഷമമായ നിലയിലെത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് മുമ്പ് വികസിപ്പിച്ച സോഫ്റ്റ് വെയറുകൾ തന്നെ ആയവ ലക്ഷ്യം വെച്ചിട്ടുള്ള നിലയിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ഇവ മുഖേനയുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലെത്തിക്കുന്നതിന് വേണ്ടി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കി നടപ്പാക്കുമ്പോൾ ഉണ്ടാവേണ്ട ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

1.കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 20.09.20 ന് തുടങ്ങി. 20.09.20വരെ സാംഖ്യയിൽ Reconciliation,web Sankhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല.

ഐ.കെ.എം.ടെക്നിക്കൽ എക്സ്പെർട്ട് ഇത്തരം നടപടികൾ ചെയ്യുന്നതിനാൽ പഞ്ചായത്ത് ജീവനക്കാർ ഇക്കാര്യം അറിയുന്നില്ല.ഇത് സംബന്ധിച്ച് ഒരു ഫയൽ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

2.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവമാത്രമാണ് ഐ.എൽ.ജി.എം.എസ് ആയി ലിങ്ക് ചെയ്തിട്ടുള്ളത്.ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്.ഐ.കെ.എം ന്റെ സഹായത്തോടെ മാത്രമാണ് ഇത്തരം അഡ്ജസ്ററ് മെന്റുകൾ ചെയ്യാൻ കഴിയുന്നുള്ളു.

3.ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൌണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവു വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു.

4.ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ നാളിതുവരെയും പഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ വരവ് വന്നിട്ടില്ല. നിലവിൽ 13702 രൂപ ഈ ഇനത്തിൽ ലഭ്യമാകാനുണ്ട്

5.മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർക്കാത്തതിനാൽ ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

6.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ഇല്ല.

7.Receipt Voucher,Payment Voucher,Contra Voucher,Journal Voucher എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല. കൂടാതെ ഒരു പേമെന്റ് വൗച്ചർ തയ്യാറാക്കി നൽകിയതിന് ശേഷം പേമെന്റ് നടത്താതിരുന്നാൽ പ്രസ്തുത തുക ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ “Directly Credited By Bank” കൂടാതെ വരവ് ഇനങ്ങൾ “Directly Debited By Bank” എന്നുമാണ് രേഖപ്പെടുത്തുന്നത്. ഇത് തെറ്റായ രീതിയാണ്. പേമെന്റ് വൗച്ചർ തയ്യാറാക്കിയതിന് ശേഷം പേമെന്റ് നടത്താത്ത വൗച്ചറുകളുടെ ലിസ്റ്റ് നിലവിൽ ഈ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നില്ല.

8.ഐ.എൽ.ജി.എം.എസിലെ പല റിപ്പോർട്ടുകളും കിട്ടുന്നില്ല.

ഉദാ:-പേഴ്സണൽ രജിസ്റ്റർ,

മെസ്സേജ് ബുക്ക്

സ്റ്റാറ്റസ് റിപ്പോർട്ട്

9.Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10.Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11.ഡേ ബുക്ക് റിപ്പോർട്സ്

മേൽ റിപ്പോർട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

ബാങ്ക് ബുക്ക്

നിലവിൽ ബാങ്ക് റിപ്പോർട്ട് View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന പക്ഷം ഇവയുടെ പരിശോധന നടത്താൻ സാധിക്കും.

നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

12.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യു രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല. ചെക്ക് ഇഷ്യു രജിസ്റ്ററുകളിൽ വൗച്ചറുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിലവിൽ അക്കൗണ്ടുകളിൽ ചെക്ക് നമ്പറുകൾ ചെക്കുകൾ നൽകുന്ന സമയത്ത് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന രീതിയാണുള്ളത്. ഇതിന് പകരം ചെക്ക് ബുക്കുകൾ ലഭിക്കുന്ന സമയത്ത് തന്നെ ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകൾ (രശീത് ബുക്കുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രീതിയിൽ ) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് മുഖേന ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നതാണ്.

13.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ റിക്കൺസിൽ ചെയ്യേണ്ടതും ആയതിന് സെക്രട്ടറി അംഗീകാരം നൽകേണ്ടതുമാണ്. വാർഷിക കണക്കുകൾ സമർപ്പിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തുന്ന രീതി നിയന്ത്രിക്കേണ്ടതുമാണ്.

14.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

15.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പരിശോധിക്കാൻ സാധിക്കുന്നില്ല.

16.വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

തദ്ദേശ സ്ഥാപന അധികാര പരിധിയിൽ വ്യവസായങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് വേണ്ടി ലൈസൻസിന് അപേക്ഷ നൽകിയവരുടെയും , ലൈസൻസ് നേടിവരുടെയും , മുൻകാലങ്ങളിൽ ലൈസൻസ് ലഭിച്ച് തൻവർഷം പുതുക്കിയവരുടെയും , മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവരും എന്നാൽ തൻവർഷം പുതുക്കാത്തവരുമായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭിക്കാനുള്ള സൗകര്യം നിലവിലില്ല. മേൽ പ്രകാരമുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ലൈസൻസ് ഫീസ്, മറ്റ് അനുബന്ധ നികുതികളും ഫീസുകളും ഒടുക്കിയതിന്റെ റിപ്പോർട്ടുകളും ലഭിക്കുന്നില്ല. ഇവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നത് അല്ലെങ്കിൽ അംഗീകാരം നൽകുന്ന സംവിധാനം നിലവിലില്ല.

17.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

18.വസ്തു നികുതി (സഞ്ചയ സോഫ്റ്റ് വെയർ)

സഞ്ചയ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ തന്നെ ഇത് പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

19.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ് വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ അപേക്ഷ സ്വീകരിക്കുമ്പോൾ കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നതിന് ആയതിന്റെ ഡിമാന്റ് നമ്പർ ചേർക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഡിമാന്റ് നമ്പർ ചേർക്കാതെ തന്നെ ഫീസ് ഈടാക്കുന്നതിനും അനുമതി നൽകുന്നതിനും ഈ സോഫ്റ്റ് വെയർ മുഖേന സാധിക്കുന്നു.

20. പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന

തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

21.സ്റ്റോക്ക് രജിസറ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല.

22.ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യാക്കിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ഏതെങ്കിലും കാലാവധിക്കുള്ളിൽ പണമായി മാറാതിരുന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരം ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച സൗകര്യങ്ങളോ മൊഡ്യൂളുകളോ ഇല്ല. അത് പോലെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ചെക്കുകളോ ഡ്രാഫ്റ്റുകളോ പണമായി മാറാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമല്ല. ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊഡ്യൂളുകൾ ഏർപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾ അറിവിലേക്കായും വിശദമായ മറുപടി ലഭ്യമാക്കുന്നതിനുമായി ശ്രദ്ധയിൽ പെടുത്തുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 17 തീയതി 25/07/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസ് ,തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

2020-21 സാമ്പത്തിക വർഷം കോട്ടത്തറ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല .പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനും, റേഷൻ കടകളിൽ നിന്ന് തൊഴിൽ

നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടും നൽകിയ 22/07/2022ാം തീയതിയിലെ 6/2020-21ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരത്തിനും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടം 3 പ്രകാരമുള്ള പട്ടിക 1 ൽ 149ാമത് ഇനമായി റീട്ടെയിൽ റേഷൻ ഡിപ്പോ നടത്തിപ്പ് ഉൾപ്പെട്ടിട്ടുണ്ട്.കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻകടകളിൽ നിന്നും,ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-13 ഗ്രാമപഞ്ചായത്തിലെ വരവിനങ്ങളിലെ വിവിധ രജിസ്റ്ററുകൾ കൃത്യതയോടെ തയ്യാറാക്കി ഹാജരാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ്/ഇൻസ്റ്റ്യൂഷൻ തൊഴിൽ നികുതി രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ജീവനക്കാരുടെ തൊഴിൽ നികുതി,ലൈസൻസ് രജിസ്റ്റർ എന്നിവയുടെ പേജ്‌വൈസ് സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യതയോടെ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മേൽ ഇനങ്ങളിലുള്ള വരവുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. മേൽ രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് 26.07.2022ാം തീയതിയിലെ 12/2020-21 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പ് വഴി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 കൃഷി ഓഫീസർ മാന്വൽ രസീത് ബുക്കുകൾ ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം പിരിച്ചതിലെ അപാകതകൾ

കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർക്ക് ഗുണഭോക്ത വിഹിതം പിരിക്കുന്നതിനായി 33347,33348,33350,33351, രസീത് ബുക്കുകൾ അനുവദിച്ചിരുന്നു. മുൻ വർഷം ഓഡിറ്റിന് ഹാജരാക്കാതിരുന്ന മേൽ രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1) തീയതി രേഖപ്പെടുത്താതെ രസീതുകൾ നൽകുന്നു.

രസീത് ബുക്ക് 33351 രസീത് നമ്പർ 1 മുതൽ 45 വരെ
രസീത് ബുക്ക് 33350 ലെ 1 മുതൽ 100 വരെയുള്ള രസീതുകൾ
തീയതി രേഖപ്പെടുത്താതെ നൽകിയ രസീതുകൾ ഉപയോഗിച്ച് പണപിരിവുകൾ നടത്തിയത് എന്നാണെന്ന് വ്യക്തമല്ല.

2) കാർബൺ കോപ്പി ഉപയോഗിക്കാതെ രസീതുകൾ നൽകുന്നു.
ഒറിജിനൽ രസീതിന്റെ പിറകിൽ കാർബൺ കോപ്പി ഉപയോഗിക്കാതെയാണ് താഴെ പറയുന്ന രസീതുകൾ നൽകിയിട്ടുള്ളത്.ആയതിനാൽ ഗുണഭോക്താവിന് നൽകിയ രസീതിൽ ഓഡിറ്റിന് ഹാജരാക്കിയ രസീതുകളിലെ അതേ തുക തന്നെയാണോ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

33347 നമ്പർ രസീത് ബുക്ക് രസീത് നമ്പർ 60 മുതൽ 100 വരെ

33348 നമ്പർ രസീത് ബുക്ക് രസീത് നമ്പർ 1 മുതൽ 35 വരെ

33351 നമ്പർ രസീത് ബുക്ക് രസീത് നമ്പർ 1 മുതൽ 35 വരെ
മേൽ വിവരം ചൂണ്ടിക്കാണിച്ച് നൽകിയ 22/07/2022ാം തീയതിയിലെ 2/2020-21 നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്ക് കൃത്യതയോടെ കൈകാര്യം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ,ടെൻഡർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷം കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല .

| ക്രമ.നം | പേരും വിലാസവും | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|

| | | ഈടാക്കാമായിരുന്ന പരമാവധി തൊഴിൽ നികുതി | ഈടാക്കാമായിരുന്ന പരമാവധി തൊഴിൽ നികുതി |
|---|---|---|---|
| 1 | ഒ.കെ ഷാജി | 1250 | 1250 |
| 2 | പ്രകാശ് ജോസ് | 1250 | 1250 |
| 3 | അന്ത്രു പി | 1250 | 1250 |
| 4 | എൻ അസീസ് | 1250 | 1250 |
| 5 | ടി.വി രഘു | 1250 | 1250 |
| 6 | സിയാബ് കെ.ബി | 1250 | 1250 |
| 7 | ജഷീർ പി.കെ | 1250 | 1250 |
| 8 | മഹറൂഫ് പി.എ | 1250 | 1250 |
| 9 | മുജീബ് റഹ്മാൻ | 1250 | 1250 |
| 10 | ഗഫൂർ എം | 1250 | 1250 |
| 11 | എ.സി നാസർ | 1250 | 1250 |
| 12 | വി.യു ജോസഫ് | 1250 | 1250 |
| 13 | പ്രദീപ് എം ആർ | 1250 | 1250 |
| 14 | സലിം എം.പി | 1250 | 1250 |
| 15 | അർജ്ജുൻ ഗോപാൽ | 1250 | 1250 |
| 16 | സുലൈമാൻ എ | 1250 | 1250 |
| 17 | നൗഫൽ കെ.കെ | 1250 | 1250 |
| 18 | ജിതേഷ് കുമാർ | 1250 | 1250 |
| 19 | ചന്ദ്രൻ കെ.പി | 1250 | 1250 |
| 20 | ജോഷി എ | 1250 | 1250 |
| 21 | ജംഷീർ അലിഖാൻ | 1250 | 1250 |
| 22 | സമീർ പി | 1250 | 1250 |
| 23 | സുബൈർ യു.കെ | 1250 | 1250 |
| 24 | മുഹമ്മദ് അൽസാദ് പി.എം | 1250 | 1250 |

| | | | |
|---|---|---|---|
| 25 | മുഹമ്മദ് നിസാർ | 1250 | 1250 |
| 26 | റഫീക്ക് കെ.എം | 1250 | 1250 |
| 27 | അബ്ദുൾബാരി വി.പി | 1250 | 1250 |
| 28 | മഹേഷ് എംജി | 1250 | 1250 |
| ആകെ | | 35000 | 35000 |
| ആകെ ലഭിക്കുമായിരുന്ന പരമാവധി തുക | | | 70000 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള കരാറുകാരെ കൂടാതെ കോട്ടത്തറ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി,കൽപ്പറ്റ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ കരാർ ജോലികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. മേൽ കരാറുകാരിൽ നിന്നും സൊസൈറ്റികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 22/07/2022ാം തീയതിയിലെ 7/2020-21 നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കരാറുകാരിൽ നിന്ന് മാത്രം തൊഴിൽ നികുതി ഈടാക്കിയിരുന്നെങ്കിൽ 70000 രൂപ പഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കരാറുകാരിൽ നിന്നും ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റികളിൽ അംഗങ്ങളായിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമായ തൊഴിൽ നികുതി പൂർണമായും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 വനിതകൾക്ക് മുട്ടക്കോഴി വിതരണം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - 2,00,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, കോട്ടത്തറ |
| പ്രോജക്ട് നമ്പർ | 251/21 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് മുട്ടക്കോഴി വിതരണം |
| അടങ്കൽ<br>ആകെ | ₹2,00,000 വികസന ഫണ്ട് ജനറൽ<br>₹400 തനത് ഫണ്ട്<br>₹2,00,400 |
| ചെലവ് ബിൽ നം/തീയതി<br>ആകെ | ₹2,00,000 വികസന ഫണ്ട് ജനറൽ (8/20-21//27-02-21)<br>₹400 തനത് ഫണ്ട് ( CHQ No. 20639/25-02-2021)<br>₹2,00,400 |
| ഇൻവോയ്സ് നമ്പർ /തീയതി | 155/15-01-2021, എസ് ആൻഡ് ടി പൗൾട്രി ഫാം പള്ളിക്കുന്ന് |

വെറ്റിനറി സർജൻ, കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതി പ്രകാരം പിൻവലിച്ച തുക ₹2,00,400 എസ് ആൻഡ് ടി പൗൾട്രി ഫാം പള്ളിക്കുന്ന് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. പദ്ധതിയുടെ ലക്ഷ്യം 334 വനിതാ ഗുണഭോക്താക്കൾക്ക് 5 വീതം കോഴി കുഞ്ഞുങ്ങളെ 100 ശതമാനം സബ്സിഡി നിരക്കിൽ നൽകുക എന്നതായിരുന്നു. ഇതിനായി ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കോഴിക്കൂടുകൾ നിർമ്മിക്കണം എന്നാണ് പദ്ധതിയിലെ ഒരു വ്യവസ്ഥ. എന്നാൽ ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കോഴിക്കൂടുകൾ നിർമ്മിച്ചു എന്ന് വ്യക്തമാക്കുന്ന രേഖകളോ , അന്വേഷണ റിപ്പോർട്ടുകളോ നിർവഹണ ഉദ്യോഗസ്ഥൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ഇൻവോയ്സ് പ്രകാരം വാങ്ങിച്ച 1,670 എണ്ണം വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ നിർവഹണ ഉദ്യോഗസ്ഥ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഗുണഭോക്താക്കളുടെ പേര് അടങ്ങിയ ഒരു ലിസ്റ്റ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.

3) പദ്ധതിയുടെ ലക്ഷ്യപ്രാപ്തി വിലയിരുത്തുവാൻ ആവശ്യമായ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിങ്

റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 27-07-2022 തീയതിയിൽ നൽകിയ 18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടിയുടെ അഭാവത്തിലും ആവശ്യമായ ചെലവ് രേഖകളുടെ അഭാവത്തിലും ചെലവ് തുക 2,00,400 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം നീക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 1-17 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - 14,28,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജൻ, കോട്ടത്തറ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിൽപ്പെടുത്തി വിവിധ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കായി സബ്സിഡിയിനത്തിൽ തൻവർഷം 14,28,000/- രൂപ ക്ഷീര സഹകരണ സംഘം സെക്രട്ടറിമാരുടെ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, കോട്ടത്തറ |
| പ്രൊ<br>ജക്ട് നമ്പർ | 157/21 |
| ജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ<br>ആകെ | ₹6,00,000 വികസന ഫണ്ട് ജനറൽ<br>₹10,30,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹8,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹24,30,000 |
| ചെലവ് ബിൽ നം/തീയതി<br>ആകെ | ₹6,00,000, (4/2020-21 29.04.2020)<br>₹7,00,000, (5/2020-21 12.06.2020)<br>₹1,28,000, (6/2020-21 15.06.2020)<br>14,28,000 |

| ബിൽ തുക | തുക ക്ഷീര സഹകരണ സംഘത്തിന്റെ പേര് | തുക കൈമാറിയ ക്ഷീര സഹകരണ സംഘത്തിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ | കൈമാറിയ തുക |
|---|---|---|---|
| 128000 | പള്ളിക്കുന്ന് ക്ഷീര സഹകരണ സംഘം | FDRL0WDCB01/130121201700010 | 27,577 |
| | തെക്കുംതറ ക്ഷീര സഹകരണ സംഘം | FDRL0WDCB01/130121201700055 | 3,370 |
| | പടിഞ്ഞാറത്തറ ക്ഷീര സഹകരണ സംഘം | FDRL0WDCB01/130121201700004 | 47,714 |
| | മടക്കിമല ക്ഷീര സഹകരണ സംഘം | FDRL0WDCB01/130121201700078 | 27,360 |
| | കുപ്പാടിത്തറ ക്ഷീര സഹകരണ സംഘം | FDRL0WDCB01/130121201700003 | 21,979 |
| 700000 | വെണ്ണിയോട് ക്ഷീര സഹകരണ സംഘം | FDRL0WDCB01/130121201700014 | 88,142 |
| | പള്ളിക്കുന്ന് ക്ഷീര | FDRL0WDCB01/130121201700010 | 6,11,858 |

| | | | |
|---|---|---|---|
| | സഹകരണ സംഘം | | |
| 600000 | വെണ്ണിയോട് ക്ഷീര സഹകരണ സംഘം | FDRL0WDCB01/130121201700014 | 6,00,000 |

1) പദ്ധതി പ്രകാരം പിൻവലിച്ച തുക മേൽപ്പറഞ്ഞ 6 ക്ഷീര സഹകരണ സംഘം സെക്രട്ടറിമാരുടെ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം. 22/2018 ത.സ്വ.ഭ.വ., തീയതി. 14.02.2018 പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകേണ്ടത് ബന്ധപ്പെട്ട ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ആണ്. പിൻവലിച്ച തുക മേൽപ്പറഞ്ഞ 6 ക്ഷീര സഹകരണ സംഘം സെക്രട്ടറിമാരുടെ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ തുക കൈപ്പറ്റിയ ക്ഷീര സഹകരണ സംഘം സെക്രട്ടറിമാർ ലഭിച്ച തുക അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ വിശദ വിവരം ലഭ്യമാക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റും ലഭ്യമാക്കിയിട്ടില്ല.

2) സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം. 22/2018 ത.സ്വ.ഭ.വ., തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന (ഡിപ്പാർട്ട്മെന്റൽ ഫണ്ട്)ഒരു രൂപ ഉൾപ്പെടെ 4 രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹40,000/- ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതി പ്രകാരം കർഷകർക്ക് ലഭിച്ചത് 3 രൂപ പ്രകാരമാണ്. കർഷകർക്ക് അർഹമായ നിരക്കിൽ പദ്ധതി ആനുകൂല്യം നല്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 27-07-2022 തീയതിയിൽ നൽകിയ 15 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടിയുടെ അഭാവത്തിലും ആവശ്യമായ ചെലവ് രേഖകളുടെ അഭാവത്തിലും ചെലവ് തുക 14,28,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം നീക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 1-18 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി- ചെലവു രേഖകൾ ഹാജരാക്കിയില്ല- 15277 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| പ്രോജക്ട് നം/പേര് | 328/21 പി എച്ച് സി യിലേക്ക് പ്രിൻറർ സ്കാനർ ഫോട്ടോ കോപ്പിയർ ചെയർ കമ്പ്യൂട്ടർ ടേബിൾ എന്നിവ വാങ്ങൽ | അടങ്കൽ | 114940 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>28640 എം ജി എൻ. ആർ.<br>..........<br>143580 |
| ചെലവ് | 114940 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>28640 എം ജി എൻ. ആർ.<br>..........<br>143580 | ബിൽ/തി | 16 /20-21 /26-03-21 -15,277 രൂപ<br>17/20-21/26-03-21 - 99,663 രൂപ<br>18/20-2126-03-21 - 28,640 രൂപ |
| നിർവ്വഹണം | | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ബിൽ നമ്പർ 16/തിയതി 26.03.21 പ്രകാരം പിൻവലിച്ച 15,277 രൂപയുടെ ചെലവുരേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല . അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 27-07-2022 തീയതിയിൽ നൽകിയ 20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടിയുടെ അഭാവത്തിലും ആവശ്യമായ ചെലവ് രേഖകളുടെ അഭാവത്തിലും ചെലവ് തുക 15,277 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ ചെലവു രേഖകൾ ലഭ്യമാക്കി ലഭ്യമാക്കി തടസ്സം പരിഹരിക്കേണ്ടതാണ്

## 1-19 എസ്സ്.റ്റി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യൽ പ്രൊജക്ടിൽ അപാകതകൾ- 1,99,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.172/20-21

അടങ്കൽ - വികസന ഫണ്ട് ജനറൽ 2,00,000

ചെലവ്-1,99,000

ബില്ല് നം-2/2020-21 തീയതി 21.04.2020

2020-21 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോസ്ഥനായുള്ള എസ്.റ്റി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ(സ്റ്റഡി ടേബിളും കസേരയും) വിതരണം എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി 1,99,000 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഏതാനും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.7 പ്രകാരം പട്ടിക വർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകാവുന്നതാണ്.സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമാണ് ഫർണിച്ചർ നൽകേണ്ടത്. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം നടത്തേണ്ടതും. ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ വീണ്ടും മേൽ ആനുകൂല്യത്തിന് അർഹരല്ല.

എ) ഫർണിച്ചർ വിതരണത്തിനായി സ്കൂൾ അധികൃതർ മുഖേനയല്ല വിദ്യാർത്ഥികളെ തിരഞ്ഞെടുത്തിട്ടുള്ളത് .ഫർണിച്ചർ വിതരണം നടത്തിയതും സ്കൂൾ അധികൃതർ മുഖേനയല്ല.

ബി) വിദ്യാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

സി) വിതരണം നടത്തിയത് ഏത് തരം ഫർണിച്ചറാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ടെൻഡർ അനുവദിച്ച് കിട്ടിയ അനു എന്റർപ്രൈസസ് എന്ന സ്ഥാപനം സമർപ്പിച്ച ടെൻഡറിൽ പാർട്ടിക്കിൾ ബോർഡ് കൊണ്ട് നിർമിച്ച ഫർണിച്ചറാണ് വിതരണം നടത്തിയതെന്ന് മനസ്സിലാക്കുന്നു.മരം/സ്റ്റീൽ കൊണ്ട് നിർമിച്ച ഫർണിച്ചറുകൾ മാത്രമേ വിതരണം നടത്താൻ പാടുള്ളുവെന്ന നിർദ്ദേശമുള്ളപ്പോൾ പാർട്ടിക്കിൾ ബോർഡിന്റെ ഫർണിച്ചറുകൾ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഡി).ടെൻഡർ പരസ്യം നൽകിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിനൊപ്പം ഹാജരാക്കാത്തതിനാൽ വിതരണം ചെയ്യേണ്ട ഫർണിച്ചറിന്റെ കൃത്യമായ സ്പെസിഫിക്കേഷനുകൾ ടെൻഡർ പരസ്യത്തിൽ രേഖപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമല്ല.

ഇ)അനു എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെൻഡറാണ് അംഗീകരിച്ചിട്ടുള്ളത്. കലവറ ഫർണിച്ചർ എന്ന സ്ഥാപനം സമർപ്പിച്ച ടെൻഡറിൽ 1425, 1565, 1795, 1875, 1983രൂപ വിലയുള്ള വിവിധ മോഡലുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.അംഗീകരിച്ച ടെൻഡർ വിലയേക്കാൾ കുറവ് രേഖപ്പെടുത്തിയിട്ടുള്ള മേൽ ടെൻഡറുകൾ അംഗീകരിക്കാതെ അനു എന്റർപ്രൈസസിന്റെ 1990 രൂപയുടെ ടെൻഡർ അഗീകരിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

എഫ് )അനു എന്റർപ്രൈസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുന്നതിനായി ഭരണസമിതിക്ക് ശുപാർശ ചെയ്ത 13/03/2020ാം തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെ മിനിറ്റ്സിൽ ഗുണമേന്മ പരിശോധിച്ചതിന്റെയും ഹെഡ്മാസ്റ്ററുടെ അഭിപ്രായക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനു എന്റർപ്രൈസ് എന്നിവരുടെ ടെൻഡർ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫർണിച്ചറിന്റെ ഗുണമേന്മ വിദഗ്ധരായ ആളുകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഇപ്രകാരമുള്ള ആരും പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. ഏതു വിധേനയാണ് ഫർണിച്ചറുകളുടെ ഗുണനിലവാരം നിശ്ചയിച്ചതെന്ന് വ്യക്തമല്ല.

ജി) പദ്ധതി ഗുണഭോക്താക്കൾക്ക് സമാനമായ ആനുകൂല്യം പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ(ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളുൾപ്പെടെ) നിന്നോ ലഭ്യമായിട്ടില്ലെന്നുറപ്പ് വരുത്തിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 26/07/2022ാം തീയതിയിലെ 8/2020-21 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ മേൽ പ്രൊജക്ടിനായി ചെലവഴിച്ച 1,99,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 എസ്സ്.റ്റി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം-പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ 2,99,700 രൂപ്പടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം.330/20-21

അടങ്കൽ - 3,00,000 (വികസന ഫണ്ട് ടി.എസ്.പി)

ചെലവ്-2,99,700 (ഉത്തരവ് നമ്പർ - 297 / 31/03/31 അലോട്ട്മെന്റ് നമ്പർ-332 / 31/03/2021)

2020-21 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ എസ്.റ്റി വിദ്യാർത്ഥികൾക്ക്

ഫർണിച്ചർ (സ്റ്റഡി ടേബിളും കസേരയും) വിതരണം പ്രൊജക്ട് നടപ്പിലാക്കുന്നതിനായി 2,99,700 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഏതാനും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.7 പ്രകാരം പട്ടിക വർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും(സ്റ്റീൽ/മരം) വാങ്ങി നൽകാവുന്നതാണ്.സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമാണ് ഫർണിച്ചർ നൽകേണ്ടത്.ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം നടത്തേണ്ടതും. ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ വീണ്ടും മേൽ ആനുകൂല്യത്തിന് അർഹരല്ല.

എ) ഫർണിച്ചർ വിതരണത്തിനായി സ്കൂൾ അധികൃതർ മുഖേനയല്ല വിദ്യാർത്ഥികളെ തിരഞ്ഞെടുത്തിട്ടുള്ളത് .ഫർണിച്ചർ വിതരണം നടത്തിയതും സ്കൂൾ അധികൃതർ മുഖേനയല്ല.

ബി)പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

സി) വിദ്യാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ഡി) വിതരണം നടത്തിയത് പാർട്ടിക്കിൾ ബോർഡ് കൊണ്ട് നിർമിച്ച ഫർണിച്ചറാണെന്നാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ നിന്നും ടെൻഡർ രേഖകളിൽനിന്നും മനസ്സിലാക്കുന്നത്.മരം/സ്റ്റീൽ ഫർണിച്ചറുകൾ മാത്രം വിതരണം ചെയ്യാൻ പാടുള്ളൂവെന്ന് നിർദ്ദേശമുള്ളപ്പോൾ പാർട്ടിക്കിൾ ബോർഡ് ഉപയോഗിച്ച് നിർമിച്ച ഫർണിച്ചറുകൾ വിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇ).ടെൻഡർ പരസ്യം നൽകിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിനൊപ്പം ഹാജരാക്കാത്തതിനാൽ വിതരണം ചെയ്യേണ്ട ഫർണിച്ചറിന്റെ കൃത്യമായ സ്പെസിഫിക്കേഷനുകൾ ടെൻഡർ പരസ്യത്തിൽ രേഖപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമല്ല.

എഫ് )കലവറ ഫർണിച്ചർ എന്ന സ്ഥാപനത്തിന്റെ ടെൻഡറാണ് അംഗീകരിച്ചിട്ടുള്ളത്. 24/02/2021 ന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെ മിനിറ്റ്സിൽ പി.കെ മുഹമ്മദ് കലവറ,കൽപ്പറ്റ,അന്ന എന്റർപ്രൈസസ് എന്നിവർ ടെൻഡറിൽ യഥാക്രമം 1950രൂപ,1990രൂപ എന്നിങ്ങനെ വില രേഖപ്പെടുത്തിയ ഫർണിച്ചറുകളുടെ സാംപിളുകൾ പരിശോധനയ്ക്ക് ഹാജരാക്കിയതിന്റെ ഗുണനിലവാരം,വില എന്നിവ പരിശോധിച്ചതിൽ പി.കെ മുഹമ്മദ് കലവറ എന്നിവരുടെ ടെൻഡർ അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തിയതിൽ നിന്നും 1850 രൂപയ്ക്ക് ഫർണിച്ചർ വിതരണം ചെയ്യുന്നതിന് സ്ഥാപനം തയ്യാറായിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.ഫർണിച്ചറിന്റെ ഗുണമേന്മ വിദഗ്ധരായ ആളുകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഇപ്രകാരമുള്ള ആരും പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. ഫർണിച്ചറിന്റെ ഗുണമേന്മ ഏതു വിധേനയാണ് പരിശോധിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്.

ജി)മേൽ പദ്ധതി ഗുണഭോക്താക്കൾക്ക് സമാനമായ ആനുകൂല്യം പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ (ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുൾപ്പെടെ ) നിന്നോ ലഭ്യമായിട്ടില്ലെന്നുറപ്പ് വരുത്തിയിട്ടില്ല.
മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 26/07/2022ാം തീയതിയിലെ 9/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ 2,99,700 രൂപുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 സമഗ്ര പുരയിട കൃഷി വികസനം -ടെൻഡർ രേഖകളും ഗുണഭോക്തൃ ലിസ്റ്റും ഹാജരാക്കിയിട്ടില്ല 8,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം.277/20-21

അടങ്കൽ - വികസന ഫണ്ട് ജനറൽ 8,00,000

ഗുണഭോക്തൃ വിഹിതം: 2,66,666

ചെലവ്-8,00,000 (വികസനഫണ്ട് ജനറൽ-ബില്ല് നമ്പർ-6/2020, തീയതി-16/11/2020) + 2,66,666
(ഗുണഭോക്തൃ വിഹിതം-അലോട്ട്മെന്റ് നമ്പർ 40 / 14/09/2021, ഉത്തരവ് നമ്പർ-41/ 17/09/2021)= 10,66,666

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ സമഗ്ര പുരയിട കൃഷി വികസനം പ്രൊജക്ട് വഴി കുരുമുളക് കർഷകർക്ക് വേപ്പിൻപിണ്ണാക്ക് വിതരണം നടത്തിയിട്ടുണ്ട്. മേൽ പ്രൊജക്ട് നടത്തിപ്പിനായി 8,00,000 രൂപ പൊതു വികസനഫണ്ടിൽ നിന്ന് വകയിരുത്തുകയും 2,66,666 രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.മേൽ പ്രൊജക്ടിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്ന് ടെൻഡർ മുഖേന പ്രൊജക്ട് നടപ്പിലാക്കുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തലിസ്റ്റ് ഹാജരാക്കിയിട്ടില്ല

2) മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും അഗ്രി ബിസിനസ്സ് കോർപ്പറേഷന് 48,952 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്യുന്നതിനായി 10,66,666 രൂപ നൽകിയിട്ടുള്ളതായി കാണുന്നു.എന്നാൽ മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് ടെൻഡർ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ ഹാജരാക്കുന്നതിനായി 26/07/2022ാം തീയതിയിലെ 10ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പ് വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ പ്രൊജക്ടിനായുള്ള 2020-21 സാമ്പത്തികവർഷത്തെ ചെലവായ 8,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഫലവൃഷത്തൈ വിതരണം ഗുണഭോക്തൃ ലിസ്റ്റും വിതരണ സ്റ്റേറ്റ്മെന്റും ഹാജരാക്കിയില്ല.82,135 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം.307/20-21

അടങ്കൽ - വികസന ഫണ്ട് ജനറൽ 1,00,000

ചെലവ്-82,135 (ബില്ല് നമ്പർ 11/2020-21 തീയതി 30/03/2021)

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ഫലവൃഷത്തൈ വിതരണം പ്രൊജക്ട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ (14.02.2018ാം തീയതിയിലെ സ.ഉ.(കൈ)നം.22/2018/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഖണ്ഡിക 6.15 പ്രകാരം ഒരു കർഷകന് പരമാവധി 5,000 രൂപ വരെ സബ്സിഡിയിനത്തിൽ ലഭിക്കുന്ന രീതിയിൽ ചെറുകിട/നാമമാത്ര കർഷകർ, പാട്ടകൃഷിക്കാർ, കർഷകഗ്രൂപ്പുകൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, തരിശുഭൂമി കൃഷിക്കാർ എന്നിവർക്ക് കൃഷിഭവൻ മുഖേന ഫലവൃഷത്തൈകൾ വിതരണം ചെയ്യാവുന്നതാണ്. 29.05.2020ാം തീയതിയിലെ സ.ഉ.(സാധാ)നം. 1009/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മേൽ ഖണ്ഡിക ഭേദഗതി ചെയ്ത് 100 ശതമാനം വരെ എല്ലാ വിഭാഗക്കാർക്കും ഫലവൃഷത്തൈ വിതരണത്തിനായി സബ്സിഡി നൽകാൻ അനുമതി ലഭിച്ചിട്ടുള്ളതുമാണ്.കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തലിസ്റ്റ് ഹാജരാക്കിയിട്ടില്ല

2) റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ അമ്പലവയൽ എന്ന സ്ഥാപനത്തിൽ നിന്നും 62,935 രൂപയ്ക്ക് 650 വീതം അവക്കാഡോ,പാഷൻ ഫ്രൂട്ട്,ചാമ്പ എന്നീ ചെടികളും380 വീതം നാരകം,പപ്പായ,മുരിങ്ങ എന്നീ ചെടികളും വാങ്ങിയിട്ടുണ്ട്. വി.എഫ്.പി.സി.കെ വയനാട് എന്ന സ്ഥാപനത്തിൽ നിന്ന് 19,200 രൂപയ്ക്ക് 384 വീതം പേര,ഹൈബ്രിഡ് പപ്പായ എന്നീ ചെടികളും വാങ്ങിയിട്ടുണ്ട്.എന്നാൽ മേൽ ചെടികളുടെ വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ ഹാജരാക്കുന്നതിന് 26.07.2022ാം തീയതിയിലെ 11/2020-21 ഓഡിറ്റ് അന്വേഷണക്കുറിപ്പ് വഴി നിർദ്ദേശം നൽകിയിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ ഹാജരാക്കാത്തതിനാൽ അർഹതയുള്ളവർക്ക തന്നെയാണോ വൃഷത്തൈകൾ വിതരണം ചെയ്തിട്ടുള്ളതെന്നും. സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചാണോ വിതരണം നടത്തിയിട്ടുള്ളതെന്നും ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രൊജക്ടിന്റെ 82,135 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല-സർക്കാരിന് ധനനഷ്ടം സംഭവിക്കുന്നു.

കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ പെൻഷൻവിതരണവുമായി ബന്ധപ്പെട്ട് സേവനസോഫ്റ്റ്വെയറിലെ വിവരങ്ങളും മരണരജിസ്ട്രേഷൻ വിവരങ്ങളും പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് മരണശേഷം പെൻഷൻ വിതരണം ചെയ്തതായി കാണുന്നു.

കിടപ്പ് രോഗികൾക്ക് ഡയറക്ട് ടു ഹോം എന്ന രീതിയിൽ സഹകരണ ബാങ്കുകൾ വഴി പെൻഷൻ തുക നേരിട്ട് നൽകുകയും, കൂടാതെ മറ്റ് വ്യക്തികൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറുകയുമാണ് ചെയ്തു വരുന്നത്.

എ) കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ഡയറക്ട് ടു ഹോം എന്ന രീതിയിൽ പെൻഷൻ തുക കൈപ്പറ്റിയിരുന്ന താഴെ പറയുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും അനർഹമായി പെൻഷൻ തുക എത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.മേൽ തുക വ്യക്തികൾ കൈപ്പറ്റിയിട്ടില്ലെന്ന് സേവന സോഫ്റ്റ്വെയരിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, മരണം സംഭവിച്ച മുഴുവൻ ആളുകളുടെയും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ള ആളുകളുടെതു തന്നെ മരണ നടന്ന് രണ്ട് വർഷത്തോളം കഴിഞ്ഞാണ് സസ്പെൻഡ് ചെയ്തിട്ടുള്ളത് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഡയറക്ട് ടു ഹോം -പെൻഷൻ തുക വ്യക്തികൾക്ക് നൽകാനായി സഹകരണ ബാങ്കുകൾക്ക് നൽകിയതിന്റെ

വിശദാംശങ്ങൾ (മരണശേഷമുള്ള കാലയളവിലേക്ക്)

| ക്രമനമ്പർ | പേര് | ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം തുക പെൻഷൻ കൈമാറിയ അവസാന മാസം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | വി.ചന്തു | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860 200821 | 16/08/2020 | ജൂൺ 2022 | സെപ്റ്റംബർ 2020 മുതൽ ജൂൺ 2022 വരെ 34500 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 2 | റോസമ്മ വർക്കി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1108602 00540 | 22/08/2020 | ജൂൺ 2022 | സെപ്റ്റംബർ 2020 മുതൽ ജൂൺ 2022 വരെ 34500 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി(പെൻഷൻ സസ്പെൻഡഡ്) |
| 3 | കുങ്കി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1108602 00644 | 29/07/2020 | ജൂൺ 2022 | ഓഗസ്റ്റ് 2020 മുതൽ ജൂൺ 2022 വരെ 36000 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 4 | ജാനു | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1108606 00128 | 03/08/2020 | ജൂൺ 2022 | സെപ്റ്റംബർ 2020 മുതൽ ജൂൺ 2022 വരെ 34100 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി |
| 5 | ദേവസ്യ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1108602 01241 | 03/07/2020 | ജൂൺ 2022 | ഓഗസ്റ്റ് 2020 മുതൽ ജൂൺ 2022 വരെ 36000 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 6 | ലീല | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 1108606 00145 | 16/05/2020 | ജൂൺ 2022 | ഓഗസ്റ്റ് 2020 മുതൽ ജൂൺ 2022 വരെ 15000 രൂപ സഹകരണ |

| | | | | | | |
|---|---|---|---|---|---|---|
| | | സ്കീം | | | | ബാങ്കിലേക്ക് കൈമാറി |
| 7 | ആമിന | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860200395 | 06/11/2020 | ജൂൺ 2022 | ഡിസംബർ 2020 മുതൽ ജൂൺ 2022 വരേ 30000 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി |
| 8 | ഉറുമ്പി കെ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 110860600418 | 7/03/2020 | ജൂൺ 2022 | എപ്രിൽ 2020 മുതൽ ജൂൺ 2022 വരെ 40600 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി |
| 9 | മീനാക്ഷി കെ | കർഷക തൊഴിലാളി പെൻഷൻ | 110860100441 | 31/10/2020 | ജൂൺ 2022 | നവംബർ 2020 മുതൽ ജൂൺ 2022 വരെ 31300 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 10 | ഞെളുക സേവന സോഫ്റ്റ്വെയർ പ്രകാരം നട്ടുക | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860200645 | 10/05/2020 | ജൂൺ 2022 | ജൂൺ 2020 മുതൽ ജൂൺ 2022 വരെ 38000 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 11 | അപ്പുണ്ണി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860201279 | 12/11/2020 | ജൂൺ 2022 | ഡിസംബർ 2020 മുതൽ ജൂൺ 2022 വരെ 29900 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 12 | പാത്തുമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860100204 | 22/04/2020 | ജൂൺ 2022 | മേയ് 2020 മുതൽ ജൂൺ 2022 വരെ 39300 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 13 | കുങ്കി | ഇന്ദിരാ ഗാന്ധി ദേശീയ | 110860200830 | 15/05/2020 | ജൂൺ 2022 | ജൂൺ 2020 മുതൽ ജൂൺ 2022 വരെ 38000 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | വാർദ്ധക്യകാല പെൻഷൻ | | | | സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 14 | തേയി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860200694 | 24/03/2020 | ജൂൺ 2022 | എപ്രിൽ 2020 മുതൽ ജൂൺ 2022 വരെ 42000 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 15 | അന്നാമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860200873 | 26/02/2020 | ജൂൺ 2022 | മാർച്ച് 2020 മുതൽ ജൂൺ 2022 വരെ 43500 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 16 | നായ്ക്കൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860200111 | 29/02/2020 | ജൂൺ 2022 | മാർച്ച് 2020 മുതൽ ജൂൺ 2022 വരെ 43500 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 17 | ചന്തു കെ.ആർ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860200631 | 23/02/2020 | ജൂൺ 2022 | മാർച്ച് 2020 മുതൽ ജൂൺ 2022 വരെ 43500 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 18 | കെ കാർത്ത്യാനിയമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 110860600111 | 18/03/2020 | ജൂൺ 2022 | എപ്രിൽ 2020 മുതൽ ജൂൺ 2022 വരെ 40600 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 19 | രാഘവൻ | കർഷക തൊഴിലാളി പെൻഷൻ | 110860100086 | 20/01/2020 | ജൂൺ 2022 | ഫെബ്രുവരി 2020 മുതൽ ജൂൺ 2022 വരെ 43000 രൂപ സഹകരണ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 20 | വെള്ളൻ കെ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860 200268 | 20/10/2020 | ജൂൺ 2022 | നവംബർ 2020 മുതൽ ജൂൺ 2022 വരെ 31500 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 21 | അന്നാമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1108602 00114 | 11/09/2020 | ജൂൺ 2022 | ഒക്ടോബർ 2020 മുതൽ ജൂൺ 2022 വരെ 12600 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 22 | ഇബ്രാഹിം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1108602 00024 | 20/01/2020 | ജൂൺ 2022 | ഫെബ്രുവരി 2020 മുതൽ ജൂൺ 2022 വരെ 45000 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| 23 | പാറ്റ | കർഷക തൊഴിലാളി പെൻഷൻ | 1108601 00392 | 04/01/2020 | ജൂൺ 2022 | ഫെബ്രുവരി 2020 മുതൽ ജൂൺ 2022 വരെ 43500 രൂപ സഹകരണ ബാങ്കിലേക്ക് കൈമാറി (പെൻഷൻ സസ്പെൻഡഡ്) |
| ആകെ | | | | | | 825900 |

ബി)പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകുന്ന രീതിയിൽ പെൻഷൻ ലഭിച്ച് വന്നിരുന്ന ഗുണഭോക്താക്കൾക്കും മരണശേഷം പെൻഷൻ തുക അക്കൗണ്ടിലേക്ക് ലഭിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ നൽകുന്നു.

അക്കൗണ്ടിലേക്ക് പെൻഷൻ തുക അയച്ച വിവരങ്ങൾ (മരണശേഷമുള്ള കാലയളവിൽ )

| ക്രമനമ്പർ | പേര് | ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം അവസാനം പെൻഷൻ കൈമാറിയ മാസം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | ദേവസ്യ | കർഷക | 110860100504 | 11/06/2020 | ജൂൺ 2022 | ജൂലൈ 2020 മുതൽ |

| | | | | | | |
|---|---|---|---|---|---|---|
| | | തൊഴിലാളി പെൻഷൻ | | | | ജൂൺ 2022 വരെ 14400 രൂപ അധികമായി നൽകി |
| 2 | തിത്തു | കർഷക തൊഴിലാളി പെൻഷൻ | 110860100143 | 31/10/2020 | ജനവരി 2021 | 2020 നവംബർ,ഡിസംബർ 2021 ജനവരി മാസങ്ങളിലായി 4300 രൂപ അധികം നൽകി |
| 3 | ഏലി കുര്യൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110860201124 | 14/02/2020 | ജൂൺ 2022 | മാർച്ച് 2020 മുതൽ ജൂൺ 2022 വരെ 43500 രൂപ അധികമായി നൽകി |
| ആകെ | | | | | | 62,200 |

സി) വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളും മരണശേഷം പെൻഷണറെ പെൻഷൻ ഡാറ്റാബേസിൽ നിന്ന് നീക്കം ചെയ്യാത്തതിനാൽ അനർഹമായി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമനമ്പർ | പേര് | ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം പെൻഷൻ അവസാനം കൈമാറിയ മാസം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | ദേവസ്യ | കർഷക പെൻഷൻ(ക്ഷേമ നിധി ബോർഡ് പെൻഷൻ) | 2220289727 | 11/06/2020 | ജൂൺ 2022 | ജൂലൈ 2020 മുതൽ ജൂൺ 2022 വരെ 36700 രൂപ അധികമായി നൽകി |
| 2 | ലീല | കർഷക പെൻഷൻ(ക്ഷേമ നിധി ബോർഡ് പെൻഷൻ) | 2220289544 | 26/05/2020 | ജൂൺ 2022 | ജൂൺ 2020 മുതൽ ജൂൺ 2022 വരെ 38000 രൂപ അധികമായി നൽകി |
| 3 | അന്നാമ്മ | കർഷക പെൻഷൻ(ക്ഷേമ നിധി ബോർഡ് പെൻഷൻ) | 2220289733 | 11/09/2020 | ജൂൺ 2021 | ഒക്ടോബർ 2020 മുതൽ ജൂൺ 2021 വരെ 13500 രൂപ അധികമായി നൽകി |
| | ആകെ | | | | | 88,200 |

മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ 22.07.2022ാം തീയതിയിലെ 3/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മരണപ്പെട്ടവരുടെ വിവരം യഥാസമയം പഞ്ചായത്തിൽ ലഭ്യമാകാത്തതിനാലാണ്

പെൻഷൻ സസ്പെൻഡ് ചെയ്യാത്തതെന്ന് അറിയിച്ചിട്ടുണ്ട് കൂടാതെ മരണപ്പെട്ടവർക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടൊയെന്നും, വിതരണം ചെയ്യാത്ത പെൻഷൻ തുക സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടൊയെന്നുമുള്ള വിവരം ലഭ്യമാക്കുന്നതിന് പെൻഷൻ വിതരണം നടത്തുന്ന കോട്ടത്തറ സർവ്വീസ് സഹകരണ ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ മറുപടി തൃപ്തികരമല്ല 22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71/2017പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

23.09.2020 തീയതിയിലെ സ.ഉ.(എം.എസ്)നം.97/2020/ധന നമ്പർ ഉത്തരവ് ഖണ്ഡിക സി12 പ്രകാരം മരണപ്പെടുന്നവരുടെയും, പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗൻവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.ഖണ്ഡിക സി13 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും. പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അത്തരക്കാരെ അന്വേഷണത്തിന് ശേഷം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്. ഖണ്ഡിക സി14 പ്രകാരം പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരുകളെ അറിയിക്കാതെ അനന്തരവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് അടിയന്തിരമായി ഒഴിവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി കൈപ്പറ്റിയ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ 2020 വർഷത്തിലെ മരണരജിസ്റ്ററും ഏതാനും മരണരജിസ്റ്ററേഷൻ അപേക്ഷകളും പരിശോധിച്ചതിൽ നിന്ന് മാത്രം മേൽ വിവരിച്ച പ്രകാരം 9,76,300 രൂപ അനർഹമായി പെൻഷൻ നൽകിയതായി കാണുന്നതിൽ നിന്നും ഗ്രാമപഞ്ചായത്ത് മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ലെന്ന് വ്യക്തമാണ്. പഞ്ചായത്ത് പരിധിക്ക് പുറത്ത് മരണപ്പെട്ടതും, മറ്റ് വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിൽ വെച്ച് മരണപ്പെട്ടതുമായ പെൻഷൻ ഗുണഭോക്താക്കളായിരുന്നവർക്ക് പെൻഷൻ വിതരണം ചെയ്ത വിവരങ്ങൾ കൂടി പരിശോധിച്ചാൽ ഭീമമായ തുക സർക്കാരിന് നഷ്ടം സംഭവിച്ചത് കണ്ടെത്താൻ കഴിയും . ആയതിനാൽ വിശദമായ അന്വേഷണം നടത്തി പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് അനർഹരെ നീക്കം ചെയ്യേണ്ടതും. അനർഹമായി പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ശയ്യോപകരണങ്ങൾ നൽകൽ - 1,92,660 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ഫോം കിടക്ക, തലയിണ, ബെഡ് ഷീറ്റ് എന്നിവ വാങ്ങി വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിരിക്കുന്നത്. പദ്ധതി പ്രകാരം പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ശയ്യോപകരണങ്ങൾ നൽകിയതിന് സൾഫക്സ് മാട്രസ്സിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-151/21 പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ശയ്യോപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ/ഫണ്ട് ഇനം | 190820/- രൂപ (വികസന ഫണ്ട് - ടി.എസ്.പി)<br>7,240/- തനത് ഫണ്ട്<br>1,98,060 |
| ചെലവ് | 1,90,820/- രൂപ (വികസന ഫണ്ട് - ടി.എസ്.പി) |
| ബിൽ നം/തിയ്യതി | 1/19-20/21.04.20 -1,90,820/-<br>SIBL0000616/0616083000000012 SULFEX MATRESS CO |
| ഇൻവോയിസ് നം. | HOU3060/30.12.19 – 1,92,660/- |
| നിർവ്വഹണോദ്യഗസ്ഥൻ | അസി.സെക്രട്ടറി |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം. 22/2018 ത.സ്വ.ഭ.വ., തീയതി. 14.02.2018 പ്രകാരം സബ്സിഡി മാർഗ്ഗരേഖ പ്രകരം വയോജനങ്ങൾക്ക് കട്ടിൽ നൽകുവാൻ ആണ് അനുമതിയുള്ളത്. ശയ്യോപകരണങ്ങൾ

നൽകാൻ മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല. അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 27-07-2022 തീയതിയിൽ നൽകിയ 19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടിയുടെ അഭാവത്തിലും പദ്ധതി മാർഗ്ഗരേഖ ലംഘിച്ച ചെലവ് ചെയ്തതിനാലും ചെലവ് തുക 1,92,660 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-25 വിവിധ സ്ഥാപനങ്ങൾക്ക് വാട്ടർ പ്യൂരിഫയർ നൽകിയത് -സ്ഥാപിച്ചിട്ടില്ല. 299450 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ കൃഷിഭവൻ, മൃഗാശുപത്രി, സബ്സെന്ററുകൾ, ഡിസ്പെൻസറികൾ എന്നിവടങ്ങളിൽ വാട്ടർ പ്യൂറിഫയർ വിതരണം നടത്തുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നം. - 169/21

പ്രോജക്ടിന്റെ പേര് - കൃഷിഭവൻ, മൃഗാശുപത്രി, സബ്സെന്ററുകൾ, ഡിസ്പെൻസറികൾ എന്നിവടങ്ങളിൽ വാട്ടർ പ്യൂറിഫയർ സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 3,10,760

ബിൽ നം. 30/2020-21 തീയതി 04/02/2021 തുക 2,99,450/-

മേൽ പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും രണ്ട് ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ചേർക്കുന്നു.

| ക്രമ നം | വാട്ടർ പ്യൂരിഫെയറിന്റെ ശേഷി | ഗ്യാറണ്ടി/ വാറണ്ടി | സ്ഥാപനം | വില | സ്ഥാപനം | വില |
|---|---|---|---|---|---|---|
| 1 | 60 ലിറ്റർ സ്റ്റീൽ ബോഡി | 2 വർഷം | കലവറ | 12,350 | | |
| 2 | 60 ലിറ്റർ സ്റ്റീൽ ബോഡി | 3 വർഷം | കലവറ | 17,950 | | |
| 3 | 60 ലിറ്റർ സ്റ്റീൽ ബോഡി | 3 വർഷം | കലവറ | 18,875 | | |
| 4 | 60 ലിറ്റർ സ്റ്റീൽ ബോഡി | 5 വർഷം | കലവറ | 29,945 | | |
| 5 | 60 ലിറ്റർ സ്റ്റീൽ ബോഡി | 5 വർഷം | കലവറ | 31,870 | | |
| 6 | 50 ലിറ്റർ സ്റ്റീൽ ബോഡി | 1 വർഷം + 1 വർഷം സർവ്വീസ് | - | | ഡ്രീം ഹോം | 29,900 |
| 7 | 100 ലിറ്റർ സ്റ്റീൽ ബോഡി | 1 വർഷം + 1 വർഷം സർവ്വീസ് | - | | ഡ്രീം ഹോം | 31,000 |

മേൽ പ്രകാരം ലഭിച്ച ടെണ്ടറുകൾ പരിശോധിച്ച് 13.03.2020 ൽ പ്രൊക്വയർമെന്റ് കമ്മിറ്റി 29,945 രൂപ വിലയുള്ള വാട്ടർ പ്യൂരിഫയർ ( കലവറ ഫർണിച്ചർ , കൽപ്പറ്റ എന്ന സ്ഥാപനത്തിൽ നിന്നും) വാങ്ങുന്നതിന് തീരുമാനിച്ചു. 13.03.2020 തീയതിയിലെ 1/1(5) /2020 തീരുമാനം പ്രകാരം ഭരണ സമിതി വാങ്ങലിന് അംഗീകാരം നൽകുകയും ചെയ്തു.

12/03/2020 തീയതിയിലെ നമ്പർ എ3-5634/2020കത്ത് മുഖേന വാട്ടർ പ്യൂരിഫെയറിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി വൈദ്യഗ്ധ്യമുള്ള ഒരു ഇൻസ്ട്രക്ടറുടെ സേവന ലഭ്യാക്കുന്നതിന് കൽപ്പറ്റ ഗവ.ഐ.ടി.ഐ പ്രിൻസിപ്പലിനോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ഇൻസ്ട്രക്ടറുടെ സേവനം ലഭ്യമായിരുന്നു. ഇൻസ്ട്രക്ടർ നൽകിയ സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിരിക്കുന്നത് , സ്പെസിഫിക്കേഷൻ പ്രകാരം ബ്ലൂമൗണ്ട് -ഷൈൻ50, ലൈഫ്ഗാർഡ് R10 എന്നീ പ്യൂരിഫെയറുകളുടെ സ്പെസിഫിക്കേഷൻ പരിശോധിച്ചതിൽ ലൈഫ് ഗാർ R10 എന്ന

ഉൽപ്പന്നം മികച്ച നിൽക്കുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഗുണമേന്മ അവ പരിശോധിച്ച് നോക്കിയാൽ മാത്രമെ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ പ്രകാരമുള്ള മറ്റ് വാട്ടർ പ്യൂരിഫെയറുകളുടെ സ്പെസിഫിക്കേഷനുകൾ പരിശോധിച്ചിട്ടില്ല. മേൽ സാക്ഷ്യ പത്രത്തിൽ നിന്നും തന്നെ ടെണ്ടർ പ്രകാരമുള്ള വാട്ടർ പ്യൂരിഫെയറുകൾ പരിശോധനക്കായി കൊണ്ടു വന്നിട്ടില്ല. സ്പെസിഫിക്കേഷൻ പരിശോധനക്കായി മാത്രം വിദഗ്ദന്റെ സേവനം ഗ്രാമ പഞ്ചായത്ത് ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്.

സ്ഥാപനങ്ങളിൽ വിതരണം നടത്തുന്നതിനായി 10 വാട്ടർ പ്യൂരിഫെയറുകളാണ് വാങ്ങിയത്. ഗ്രാമ പഞ്ചായത്ത് ഓഫീസടക്കം 10 സ്ഥാപനങ്ങൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ സപ്ലൈ ഓർഡർ പ്രകാരം 29,945 രൂപ വിലയുള്ള വാട്ടർ പ്യൂരിഫെയർ വിതരണക്കാരന്റെ ചെലവിൽ ഓരോ സ്ഥാപനത്തിലും സ്ഥാപിക്കുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന നിഗമനങ്ങളിലെത്തുന്നു.

1.വിദഗ്ധന്റെ നിർദ്ദേശം പ്രകാരം ലൈഫ് ഗാർഡ് R10 എന്ന വാട്ടർ പ്യൂരിഫെയർ ആണ് സ്പെസിഫിക്കേഷൻ പ്രകാരം ഗുണ നിലവാരമുള്ളത് എന്നാണ്. എന്നാൽ സമർപ്പിച്ച രണ്ട് ടെണ്ടറുകളിലും ഈ പേരിലുള്ള ഒരു വാട്ടർ പ്യൂരിഫെയർ ഇല്ല. വിതരണം ചെയ്തിരിക്കുന്നത് പ്യൂറിറ്റി എന്ന പേരിലുള്ള വാട്ടർ പ്യൂരിഫെയറാണ്. വിദഗ്ദൻ പരിശോധിച്ചതും വിതരണം നടത്തിയതും വ്യത്യസ്തമായതാണെന്ന് മനസ്സിലാക്കുന്നത്.

2. വാട്ടർ പ്യൂരിഫെയർ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാണ് ഇവ വാങ്ങിയത്. ആയതിനാൽ ഹെൽത്ത് സബ് സെന്ററുകൾ ,കൃഷി ഭവൻ എന്നിവടങ്ങളിൽ വിതരണം നടത്തിയ വാട്ടർപ്യൂരിഫെയറുകൾ നാളിതുരെ ഉപയോഗിച്ചിട്ടില്ല. 5 വർഷം വാറണ്ടിയുള്ള ഉപകരണത്തിന്റെ 2 വർഷകാല ഗ്യാരണ്ടി കാലാവധി അവ ഉപയോഗിക്കാതെ തന്നെ നഷ്ടപ്പെട്ടു. ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച വാട്ടർ പ്യൂരിഫെയർ പ്രവർത്തന രഹിതമാണ്. ഇത് പ്രവർത്തന ക്ഷമമാക്കുന്നതിന് വേണ്ടി യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

3. വാങ്ങിയ വാട്ടർ പ്യൂരിഫെയറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്ത് വിതരണം നടത്തിയാതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

4. വാറണ്ടി കാലാവധി സംബന്ധിച്ച് കൈപ്പറ്റിയ സ്ഥാപനങ്ങളെ അറിയിച്ചിട്ടില്ല.

5. വിതരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

പൊതു ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതിന് വേണ്ടി പദ്ധതി നടപ്പാക്കുന്നതിനായി തുക ചെലവഴിക്കുകയും ഇവ ജനോപകാരപ്രദമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത് പൊതു പണം പാഴാക്കുന്നതായി കണക്കാക്കുന്നതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതി നടപ്പാക്കിയ സെക്രട്ടറി, തുടർന്ന് ചുമതല നിർവ്വഹിച്ച സെക്രട്ടറിമാർ എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി നം. 4 തീയതി 22/07/2022 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2,99,450 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല 11,25,340 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, സമയപരിധിക്കുള്ളിൽ അസിസ്റ്റന്റ് എൻജിനിയർ മുഖേന അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ പിഴയില്ലാതെ ഒറിജിനൽ സമയത്തിൻെറ 20 ശതമാനം പിഴയില്ലാതെയും ,തുടർന്ന് പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരിൽ നിന്നും മതിയായ പിഴ ഈടാക്കാതെ അവസാന ബിൽ തുക നൽകിയതായി കാണുന്നു. .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നം,പേര്/അടങ്കൽ തുക | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | എഗ്രിമെൻറ് /തിയതി/ പ്രവൃത്തി പൂർത്തി-യാക്കേണ്ട തിയതി | എം ബുക്ക്, പൂർത്തിയാക്കിയ തിയതി /കാലതാമസം | അവസാന ബിൽ /ചെക്ക് നമ്പർ /തിയതി /തുക | ഈടാക്കേ-ണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 194/21(77 /20)മെച്ചന ചെമ്പകച്ചാൽ റോഡ് റീ ടാറിംഗ് 10,76,000 | പ്രകാശ് ജോസ് 8,44,054 | AEE/LSGD/ KTRA/50/19-20 /21-12-2019 20-6-2020(6മാസം) | 277/19-20 /5-3-2021/ 8 മാസം 13 ദിവസം | 94/20-21 /10-3-2021 /9,45,340 | 3% (1+2) 25,322 (കോവിഡ് പരിഗണിച്ച് 3 മാസ ഇളവ് അനുവദിച്ചതിന് ശേഷം) |
| 2 | 223/21(167 /20)ഈരം കൊല്ലി ആയുർവേദ ആശുപത്രിക്ക് ശുചിത്വ കോംപ്ലക്സ് 2,00,000 | രവിചന്ദൻ 1,78,571 (എസ്റ്റിമേറ്റ് നിരക്ക്) | AEE/LSGD /KTRA/33/19-20 / 27-11-2019 26-5-2020 (6മാസം) | 268/19-20 /26-3-2021 / 10 മാസം | 256748/31-3-21/ 1,80,000 | 5% (1+2+2) 8,929s (കോവിഡ് പരിഗണിച്ച് 3 മാസ ഇളവ് അനുവദിച്ചതിന് ശേഷം) |

കരാറുകാർ സമയം നീട്ടാൻ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നാണ് കാണുന്നത്. അതിനാൽ തന്നെ കരാറുകാരന് 20 ശതമാനം പിഴയില്ലാതെയുള്ള ദീർഘീകരണത്തിന് അർഹതയില്ല . പ്രവത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയ മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും കരാർപ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 21/20-21/ 26-7-2022) മറുപടി ലഭ്യമാക്കിയില്ല .അതിനാൽ ഈ പദ്ധതികൾക്കായി ചെലവഴിച്ച 11,25,340 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

## 1-27 എഗ്രിമെൻറ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല 7,56,211രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ.(മിനിമം1,000 രൂപ) എന്നാൽ നോട്ടീസ് കൈപ്പറ്റി സമയപരിധി കഴിഞ്ഞ് കരാർ ഒപ്പിട്ട കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് അടങ്കൽ | കരാറുകാരൻ, നിരക്ക് | ടെണ്ടർ തിയതി | പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തിയതി | കരാർ ,ഒപ്പിട്ട തിയതി | ബിൽ നമ്പർ ,തിയതി തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|
| 1 | 195/21 (86/20)ചോലിയേറ്റ കോളനി ഡ്രെയ്നേജ് 1,00,000 | അബ്ദുൾ ബാരി വി പി എസ്റ്റിമേറ്റ് നിരക്ക് | 24-10-2019 | 20-11-2019 | AE/LSGD /KTRA/48 /19-20 /6-12-2019 | 68/20-21 /11-1-2021 94,097 | 1,000 |
| 2 | 197/21(210 /20)ചോലിയേറ്റ കോളനി സ്റ്റെപ്പ് | അബ്ദുൾബാരി 1,56,229 | 27-8-2019 | 4-10-2019 | AE/LSGD /KTRA/20 /19-20 | 26/20-21/ 17-6-2020 1,64,292 | 1,562 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നിർമ്മാണം 1,75,000 | | | | /19-10-2019 | | |
| 3 | 189/21(54 /20)ഇരംകൊല്ലി കാക്കഞ്ചാൽ റോഡ് മെയ്ന്റനൻസ് 5,00,000 | ഷാജു ഒ കെ 4,46,384 | 10-1-2020 | 4-2-2020 | AE/LSGD /KTRA/66 /19-20 /19-2-2020 | 36/20-21 /29-7-2020 4,97,822 | 4,464.00 |
| | ആകെ | | | | | | 7,026 |

നിശ്ചിത സമയത്തിനുള്ളിൽ കരാർ ഒപ്പിടാതിരുന്ന മേൽ പരാമർശിച്ചിരിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 14/20-21/26-7-2022) ലഭ്യമാക്കിയ മറുപടിയിൽ പിഴയീടാക്കുന്നതിന് നടപടി സ്വീകരിക്കും എന്നാണ്. പിഴയീടാക്കി വിവരം ലഭ്യമാക്കുന്നതുവരെ ഈ പദ്ധതികൾക്കായി ചെലവഴിച്ച 7,56,211 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-28 മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം-കുറഞ്ഞ പിഴ ഈടാക്കി ,16,60,607 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, സമയപരിധിക്കുള്ളിൽ അസിസ്റ്റന്റ് എൻജിനിയർ മുഖേന അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ പിഴയില്ലാതെ ഒറിജിനൽ സമയത്തിന്റെ 20 ശതമാനം പിഴയില്ലാതെയും ,തുടർന്ന് പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരിൽ നിന്നും മതിയായ പിഴ ഈടാക്കാതെ അവസാന ബിൽ തുക നൽകിയതായി കാണുന്നു. .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നം, പേര്/ അടങ്കൽ തുക | കരാറുകാരൻ ടെണ്ടർ നിരക്ക് (PAC) | എഗ്രിമെൻറ് /തിയതി /പ്രവൃത്തി പൂർത്തിയാ-ക്കേണ്ട തിയതി | എം ബുക്ക്, പൂർത്തിയാക്കിയ തിയതി /കാലതാമസം | അവസാന ബിൽ /ചെക്ക് നമ്പർ /തിയതി /തുക | ഈടാക്കേ-ണ്ടിയിരുന്ന പിഴ | ഈടാക്കിയ പിഴ | കുറവുവന്ന പിഴ |
|---|---|---|---|---|---|---|---|---|
| 1 | 216/21 (50/19,178/20) തോണിക്കടവ് മലന്തോട്ടം റോഡ് മെയ്ന്റനൻസ് 8,50,000 | മെഹറൂഫ് പി എ 8,15,490 | AEE/LSGD/ KTRA/58 /18-19 /23-1-2019 22-7-2019 (6മാസം) | 269/18-19 /16-3-2020 / 7 മാസം 23 ദിവസം | 22/20-21 /26-5-20 /5,40,731 | 5% (1+2+) 40,775 | 7,611 | 33,164 |
| 2 | 225/21 (55/19) കുറുന്തോട്ടി- | കൽപ്പറ്റ സോൺ ലേബർ | AEE/LSGD /KTRA/01 /18-19 / | 276/18-19 /30-10-2019 / 7 മാസം | 23/20-21 /26-5-2020/ 11,19,876 | 5% (1+2+2) 55,994 | 2,811 | 53,183 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പ്പൊയിൽ റോഡ് സംരക്ഷണം 11,50,000 | കോൺട്രാക്റ്റ് സൊസൈറ്റി 11,19,876.39 | 17-9-2018 31-3-2019 | | | | | | |
| | ആകെ | | | | | | | 86,347 | |

ക്രമനമ്പർ 1 പ്രകാരമുള്ളപ്രവൃത്തിയുടെ കരാറിൽ പൂർത്തീകരണസമയം 6മാസമെന്നും, ക്രമനമ്പർ 2പ്രകാരമുള്ളപ്രവൃത്തിയുടെ കരാറിൽ പൂർത്തീകരണസമയം 31-3-2019 വരെയെന്നും വ്യക്തമായി രേഖപ്പെടുത്തിയിരുന്നിട്ടും,പൂർത്തീകരണസമയം 8മാസമെന്നും,10മാസമെന്നും കണക്കാക്കി 20ശതമാനം ഇളവനുവദിച്ച് ബാക്കി കാലതാമസത്തിനാണ് കുറഞ്ഞനിരക്കിൽ പിഴയീടാക്കിയിരിക്കുന്നത് .ക്രമനമ്പർ 1 ലെ കരാറുകാരൻ മെറ്റീരിയൽ ലഭ്യതക്കുറവും,2019 ലെ പ്രളയവും മൂലം പ്രവത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ലായെന്നും അതിനാൽപൂർത്തീകരണ സമയം നീട്ടി നൽകണമെന്നും ആവശ്യപ്പെട്ട് കത്ത് നൽകിയതായും ഇതിന്റടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ ഇതേ കാരണം ചൂണ്ടിക്കാണിച്ച് സമയം നീട്ടി നൽകുന്നതിന് സെക്രട്ടറിയോട് ശുപാർശ ചെയ്യുന്ന രണ്ടുകത്തുകൾ തയാറാക്കിയതായും ഫയലിൽ കാണുന്നുണ്ടെങ്കിലും ,ഭരണസമിതി പൂർത്തീകരണ സമയംനീട്ടി നൽകിയതിന്റെ വിശദാംശങ്ങൾ ഫയലിലില്ല.കരാറുകാരൻ സമർപ്പിച്ചിരിക്കുന്ന കത്തിലും, നിർവ്വഹണോദ്യോഗസ്ഥൻ തയാറാക്കിയ കത്തുകളിലും തിയതി രേഖപ്പടുത്തിയിട്ടില്ല. കരാറുകാരൻ നൽകിയ കത്തിൽ 2019 ലെ പ്രളയം മൂലം പ്രവത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ലായെന്നാണ് പറഞ്ഞിരിക്കുന്നത് . ഈ പ്രവത്തി പൂർത്തികരണസമയം 22-7-2019 (6മാസം) ആയിരുന്നു .ഈ തിയതിക്കുശേഷമാണ് 2019 ലെ പ്രളയമുണ്ടായത്. ഇതു സൂചിപ്പിക്കുന്നത് കരാറുകാരൻ യഥാസമയം സമയം നീട്ടാൻ അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നാണ്. അതിനാൽ തന്നെ കരാറുകാരന് 20 ശതമാനം പിഴയില്ലാതെയുള്ള ദീർഘീകരണത്തിന് അർഹതയില്ല . രണ്ടാമത്തെ പ്രവത്തിയുടെ കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. പ്രവത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയ മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും കരാർപ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 13/20-21/ 26-7-2022) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 16,60,607 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

## 1-29 അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം

അസിസ്റ്റൻറ് എൻജിനിയറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും പരിശോധിച്ചപ്പോൾ അവയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്ററിൽ ആരുടെ ടെണ്ടറാണ് അംഗീകരിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തുകയോ, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരുള്ള കരാറുകാരുടെ ഒപ്പ് വാങ്ങുകയോ ചെയ്യുന്നില്ല

2 എഗ്രിമെൻറ് രജിസ്റ്ററിൽ ഓരോ പ്രവൃത്തിയും പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല.

3 1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ. ,സമയപരിധിക്കുള്ളിൽ എല്ലാ കരാറുകാർക്കും നൽകുന്നതായി കാണുന്നില്ല. ചിലർക്ക് രണ്ടും,മൂന്നും മാസങ്ങൾക്ക് ശേഷം നൽകുന്നതായും കാണുന്നുണ്ട്,അയക്കുന്ന നോട്ടീസിലാകട്ടെ അയച്ച തിയതി,കരാറുകാരൻ കൈപ്പറ്റിയ തിയതി എന്നിവയും രേഖപ്പെടുത്തുന്നില്ല .കരാർ ഒപ്പിടാനുള്ള തിയതി നിർവ്വഹണോദ്യോഗസ്ഥൻ തോന്നിയ പടി അനുവദിക്കുന്നതായിട്ടാണ് കാണുന്നത്

4. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പിടുന്ന കരാറിൽ ഭരണസമിതി തീരുമാനം,കരാർ തുക,പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തിയതി എന്നിവയൊന്നും തന്നെ ഉൾപ്പെടുത്തുന്നില്ല

5. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

6 പൂർത്തീകരണ സമയം നീട്ടിനൽകുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ കരാറുകാർ തിയതി രേഖപ്പെടത്താറില്ല. നിർവ്വഹണോദ്യോഗസ്ഥൻ ഇതു ലഭിച്ച തിയതി രേഖപ്പെടുത്തുകയോ,സമയം നീട്ടിനൽകാൻ ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ല.

7 ക്യാഷ് ബുക്കിൽ ട്രഷറിബിൽ നമ്പർ ,ചെക്ക് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല

8 ഫയലിൽ മുൻ പാർട്ട് ബില്ലുകളും,തൻവർഷ ബില്ലുകളും ട്രഷറിയിൽ നിന്നും പാസാക്കിയ തിയതി രേഖപ്പെടുത്തുന്നില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നമ്പർ 22/20-21/ 26-7-2022)ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നതിനും, അപാകതകൾ ആവർത്തിയ്ക്കാതിരിയ്ക്കാനും ശ്രദ്ധിക്കുന്നതാണ് എന്നുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 25/07/2022 | 26/07/2022 |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 128000 | പാൽ സബ്സിഡി | 128000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1547000 | നെൽകൃഷി കൂലിചെലവ് | 1547000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 700000 | പാൽ സബ്സിഡി | 700000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കമ്മ്യൂണിറ്റി ഹാളിലേക്ക് വൈദ്യുതി ഒ.വൈ.ഇ.സി | | 87190 | 87190 | 0 |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ | | 229408 | 229408 | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 33233/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1, 3-2 | 33233 | മുനവർ.കെ, അസി.എഞ്ചിനീയർ | 1200100348/30 /11/2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-7 | 2005-06 | 80 | റോഡ് ടാറിംഗ് പൂർത്തീകരിച്ചില്ല. കൺവീനർക്ക് അധിക തുക നൽകി | നിലനിൽക്കുന്നു. |
| 2000-01 | 3-8 | 2005-06 | 80(2) | പുഴകളിൽ വീണ മരങ്ങൾ അട്ടിവെക്കുന്നതിന് അധിക തുക നൽകി. | നിലനിൽക്കുന്നു. |
| 2005-06 | 3-3 | 2008-09 | 3.9.6 | ജോലിക്ക് കൂലി ഭക്ഷണം പരിപാടി - മുൻകൂർ നൽകി-പ്രവൃത്തി പൂർത്തീകരിച്ചില്ല. | നിലനിൽക്കുന്നു. |
| 2006-07 | 3-19 | 2009-10 | 3.7.6 | കുടുംബശ്രീ നടപ്പിലാക്കിയ ആശ്രയ പദ്ധതി | നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | കമ്പ്യൂട്ടർ സ്ഥാപിക്കൽ പ്രയോജനം ചെയ്യില്ല. | |
| 2015-16 | 2-3 | 2016-17 | 2.2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു. |
| 2017-18 | 3-1 | 2018-19 | 1.1.4(b) | ലൈഫ് ഭവന പദ്ധതിയിൽ വീണ്ടും തുക നൽകി | നിലനിൽക്കുന്നു. |
| 2017-18 | 3-5 | 2018-19 | 1.1.6(b) | ലൈഫ്-അർഹതയില്ലാത്ത ഗുണഭോക്താവിന് തുക നൽകി | നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,11,34,960 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,18,08,514 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 70,58,080 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <*പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2,00,400 | ഡോ.നീതു ദിവാകർ ,വെറ്ററിനറി സർജൻ |
| 1-17 | 14,28,000, | ഡോ.ചിത്രചന്ദ്രശേഖരൻ,വെറ്ററിനറിസർജൻ |
| 1-18 | 15,277 | ഡോ.ഷുഹൈബ്,മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-19 | 1,99,000 | ശ്രീമതി ശോഭന കെ,ഹെഡ് മിസ്ട്രസ്. |
| 1-20 | 2,99,000 | ശ്രീമതി ശോഭന കെ,ഹെഡ് മിസ്ട്രസ്. |
| 1-21 | 8,00,000 | ശ്രീമതി ഷെറിൻ മാത്യൂസ്,കൃഷി ഓഫീസർ |
| 1-22 | 82,135 | ശ്രീമതി ഷെറിൻ മാത്യൂസ്,കൃഷി ഓഫീസർ |
| 1-24 | 1,92,660 | ശ്രീ മനോജ് വി എ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 2,99,450 | ശ്രീ ശ്രീജിത്ത് കരിങ്ങാലി,സെക്രട്ടറി |

| | | |
|---|---|---|
| 1-26 | 11,25,340 | റോഷ്നി കെ.ആർ,അസിസ്റ്റന്റ് എൻജിനിയർ |
| 1-27 | 7,56,211 | അനിതുദേവ് ,അസിസ്റ്റന്റ് എൻജിനിയർ(6,62,114)<br>ബാബു കെ സി,അസിസ്റ്റന്റ് എൻജിനിയർ(94,097) |
| 1-28 | 16,60,607 | അനിതുദേവ് ,അസിസ്റ്റന്റ് എൻജിനിയർ |
| ആകെ | 70,58,080 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ചിത്രചന്ദ്രശേഖരൻ,വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പൻസറി പൂമല,തൃശ്ശൂർ | ചെറ്റുളിവളപ്പിൽഹൗസ്,ടെമ്പിൾ റോഡ്,പെരിങ്ങാവ്,തൃശ്ശൂർ |
| ഡോ.നീതു ദിവാകർ ,വെറ്ററിനറി സർജൻ | ADCP വയനാട് | കുക്ക ഹൗസ്,പാറപ്പുറത്ത്,പാലക്കോട്ടുവയൽ,കോട്ടംപറമ് പി.ഒ, കോഴിക്കോട് |
| ശ്രീ മനോജ് വി എ,അസിസ്റ്റന്റ് സെക്രട്ടറി | മരണപ്പെട്ടു | വലിയതറ ഹൗസ്,മാർട്ടിൻപുരം,മരട് പി ഒ എറണാകുളം |
| ഡോ.ഷുഹൈബ്,മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ജനറൽ ഹോസ്പിറ്റൽ കൽപ്പറ്റ | മർവ്വഹൗസ് കാപ്പാട് പി ഒ,കോഴിക്കോട് |
| ശ്രീമതി ശോഭന കെ,ഹെഡ് മിസ്ട്രസ്. | വിരമിച്ചു | അജയ് നിവാസ്,തെക്കുംതറ പി.ഒ,വയനാട് |
| ശ്രീമതി ഷെറിൻ മാത്യൂസ്,കൃഷി ഓഫീസർ | കൃഷി ഓഫീസർ,കോട്ടത്തറ ഗ്രാമപഞ്ചായത്ത് | ഷൺഗ്രില്ല,മുണ്ടേരി,കൽപ്പറ്റ,വയനാട് |
| ശ്രീശ്രീജിത്ത്കരിങ്ങാലി,സെക്രട്ടറി | സെക്രട്ടറി,അമ്പലവയൽ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി സദ്ഗമയ,മൊടക്കല്ലൂർ പി ഒ,അത്തോളി,കോഴിക്കോട് |
| അനിതുദേവ് ,അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസ്,കൊടുവള്ളി | മാമ്മിലിപുരയിൽ ഹൗസ്,വള്ളിക്കുന്ന്,പന്തീരാംകാവ് പി ഒ കോഴിക്കോട് |
| ബാബു കെ സി,അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ,മുട്ടിൽ ഗ്രാമപഞ്ചായത്ത് | ഹൃദയം,മടക്കിമല,പി.ഒ വയനാട് |
| റോഷ്നി കെ.ആർ,അസിസ്റ്റന്റ് എൻജിനിയർ | താല്ക്കാലിക നിയമനം | കടമലപ്പട്ടഹൗസ്, പഴുപത്തൂർ പി ഒ, സുൽത്താൻബത്തേരി,വയനാട് |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.(ഡബ്ള്യൂ)പി2-45/01 തീയ്യതി-21.06.2019 | 6 |
| 1997-98 | നം.എൽ.എഫ്.(ഡബ്ള്യൂ)പി2-44/01, തീയ്യതി-05.08.19 | 5 |
| 1998-99 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-201/01, തീയ്യതി-28.02.2006 | 3 |
| 1999-00 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-246/01, തീയ്യതി-05.08.19 | 4 |
| 2000-01 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-529/04 തീയ്യതി-05.08.19 | 3 |
| 2000-01 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-100/04, തീയ്യതി-05.08.19 | 4 |
| 2001-02 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-525/06, തീയ്യതി 13.06.05 | 3 |
| 2002-03 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-524/06 തീയ്യതി-13.02.08 | 1 |
| 2003-04 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-308/07, തീയ്യതി-12.02.08 | 10 |
| 2004-05 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-222/07 തീയ്യതി-02.04.09 | 9 |
| 2005-06 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-740/07 തീയ്യതി-11.06.08 | 9 |
| 2006-07 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-564/09 തീയ്യതി-05.12.09 | 22 |
| 2007-08 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-669/09 തീയ്യതി-11.01.10 | 18 |
| 2008-09 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-212/12 തീയ്യതി-30.07.12 | 17 |
| 2009-10,10-11 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-570/12 തീയ്യതി- 21.04.15 | 17 |
| 2011-12 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-814/2013 തീയ്യതി-20.04.2015 | 14 |
| 2012-13 | നം.എൽ.എഫ്.(ഡബ്ള്യൂ)പി.4-100/2015, തീയ്യതി-10.03.2016 | 11 |
| 2013-14 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4-145/2015 തീയ്യതി. 10.01.2018 | 9 |
| 2014-15 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4-379/2016 തീയ്യതി. 09.01.2018 | 3 |
| 2015-16 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4-859/16 തീയ്യതി 19.12.2017 | 17 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4<br>പി4/423 /2017- തീയ്യതി 17.03.2018 | 31 |
| 2017-18 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി1/<br>982/2018,<br>തീയ്യതി 04/05/2019 | 10 |
| 2018-19 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി4/181<br>/2020,<br>തീയ്യതി 12/07/2021 | 9 |
| 2019-20 | കെ.എസ്.എ.ഡബ്യൂ.വൈ.ഡി-<br>പി4-977/21 തീയതി 22.05.2022 | 22 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്